**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 535** **02-02-2023 - ൽ മറുപടിയ്ക്ക്**

**ചെലവ് ചുരുക്കൽ മാതൃക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിൽ ഭരണ ചെലവ് വർദ്ധിച്ച് വരുന്നത് മൂലം തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കാത്ത സാഹചര്യവും സാമ്പത്തിക പ്രതിസന്ധിയും പരിഗണിച്ച്, ക്ഷേമനിധി ബോർഡുകളിൽ ഉന്നത ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരെ അന്യത്രസേവനത്തിൽ നിയോഗിക്കുന്നതിന് പകരം മുഴുവൻ ക്ഷേമനിധി ബോർഡുകളുടെയും ധനകാര്യ നിയന്ത്രണത്തിന്റെ ചുമതല ധനകാര്യവകുപ്പിലെ ഒരു വിഭാഗത്തിൽ നിക്ഷിപ്തമാക്കി ചെലവ് ചുരുക്കുന്ന മാതൃകാപരമായ സമീപനം സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (എ) | ക്ഷേമനിധി ബോർഡുകളിൽ അംഗമായവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നത്. ഓരോ ബോർഡും അവരുടെ ആക്റ്റിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് പ്രവർത്തി-ക്കുന്നത്. കൃത്യമായി അംശാദായമൊടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യം ഉറപ്പാക്കുക എന്നതാണ് ക്ഷേമനിധി ബോർഡുകളുടെ ഏറ്റവും പ്രധാന കടമ. ഇതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ബോർഡിനും സർക്കാരിനും ഇടയിൽ ഒരു കണ്ണിയായി പ്രവർത്തിക്കുന്നത് ധനകാര്യ വകുപ്പിൽ നിന്നും വിവിധ ക്ഷേമനിധി ബോർഡുകളിലേയ്ക്ക് അന്യത്ര സേവനത്തിൽ പോകുന്ന ഉദ്യോഗസ്ഥരാണ്. കരാർ ജീവനക്കാരും, ദിവസവേതനക്കാരും സേവനമനുഷ്ഠിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ വളരെ സുതാര്യമായ ധനകാര്യ മാനേജ്മെന്റ് ഉറപ്പാക്കുന്നതിനു ഈ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ആവശ്യമുണ്ട്.<br><br>ധനവകുപ്പിൽ ക്ഷേമനിധി ബോർഡുകളുടെ ധനപരമായ നയം രൂപീകരിക്കുന്നതിനും; വിവിധ വിഷയങ്ങളിൽ ബോർഡുകൾക്ക് ഉപദേശം നല്കുന്നതിനുമായി സെല്ലുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. നിലവിൽ ഫിനാൻസ് ഓഫീസർമാരാണ് ഓരോ ബോർഡിന്റെയും സാമ്പത്തിക കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള യഥാർഥ ചുമതലകൾ കൈകാര്യം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| | | | ധനപരമായ പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിനും സർക്കാരിൽ നിന്നും ഫണ്ട്/ ഗ്രാന്റ് എന്നിവ സമയബന്ധിതമായി ലഭ്യമാക്കി, ബോർഡുകളുടെ പ്രവർത്തനം തടസങ്ങളില്ലാതെ നടപ്പാക്കുന്നതിനും, അതുവഴി അത്തരം വിഷയങ്ങളിൽ വേഗത്തിൽ തീരുമാനം എടുക്കുന്നതിനും ബോർഡുകളിൽ ധനകാര്യവകുപ്പ് ഉദ്യോഗസ്ഥരെ അന്യത്ര സേവനത്തിൽ നിയോഗിക്കുന്നത് വളരെ അത്യാവശ്യമാണ്.<br><br>ഇതിനു പകരമായി ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണത്തിന്റെ ചുമതല ധനകാര്യ വകുപ്പിലെ ഒരു സെക്ഷനിൽ മാത്രം നിക്ഷിപ്തമാക്കുന്നത് പ്രായോഗികമല്ല. വിവിധ ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണം ധനകാര്യ വകുപ്പിലെ ഒരു സെക്ഷനിൽ മാത്രം നിക്ഷിപ്തമാക്കുന്നതിലൂടെ ബോർഡിന്റെ സാമ്പത്തിക കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിൽ അനാവശ്യ കാലവിളംബത്തിനു ഇടയാക്കുകയും; ഫയലുകൾ നേരിട്ട് ധനകാര്യ വകുപ്പിൽ എത്തുന്നത് വഴി ധനകാര്യ വകുപ്പിലെ ജോലി ഭാരം അധികരിക്കപ്പെടുകയും ചെയ്യും. ആയതി-നാൽ, ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പി-ലാക്കുന്നതിലേയ്ക്കായി ബോർഡുകളുടെ ഇന്നത്തെ രൂപത്തിലുള്ള ക്രമം തുടരുന്നതാണ് അഭികാമ്യം. |

സെക്ഷൻ ഓഫീസർ